# Malabar Regional Co-operative Milk Producers' Union Ltd.
## Peringolam, Kunnamangalam (P.O), Kozhikode 673 571

MRU/PRDN/TRN-GEN/2018-19 24.04.2018

**TENDER NOTICE FOR MILK & MILK PRODUCTS TRANSPORTATION COLLECTION/DISTRIBUTION ROUTES**

### 1. ടെണ്ടർ ക്ഷണം

1.1. മിൽമയുടെ **മലബാർ** മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ (**ഡെയറിയുടെ പേര്**) കീഴിൽ പാൽ സംഭരണത്തിനും വിതരണത്തിനും ചരക്കു വാഹനങ്ങളും ഓഫീസ് വാഹനങ്ങളും **01/07/2018** മുതൽ **30.06.2020** വരെ പീസ് റേറ്റ് പ്രിൻസിപ്പൽ ടു പ്രിൻസിപ്പൽ ഇൻഡിപ്പെൻഡന്റ് ലേബർ കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് ആവശ്യമുണ്ട്.

1.2. താൽപ്പര്യമുള്ളവർക്ക് പ്രസ്തുത യൂണിറ്റുകളിൽ നിന്നും **500** രൂപ നികുതിയടക്കം വിലയ്ക്ക് ടെണ്ടർ ഫോറങ്ങൾ **07.05.2018** മുതൽ **22/5/2018 ന് 12.00 വരെ ലഭിക്കുന്നതാണ്. അന്നേ ദിവസം** പ്രസ്തുത യൂണിറ്റിൽ **(22/5/2018 ന്) ഉച്ചയ്ക്ക് 1 മണിയ്ക്ക്** മുമ്പായി ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

1.3. ടെണ്ടറുകൾ **22/5/2018 ന് ഉച്ചയ്ക്ക് 2 മണി മുതൽ** അതേ യൂണിറ്റുകളിൽ വെച്ച് പരസ്യമായി തുറക്കുന്നതാണ്.

### 2. വിവിധ റൂട്ടുകളിൽ ആവശ്യമായ വാഹനങ്ങൾ

#### 2.1. വാഹന ഇനങ്ങൾ

താഴെപ്പറയുന്ന ഇനത്തിൽപ്പെട്ട വാഹനങ്ങൾ ഉള്ളവർക്ക് ടെണ്ടറിൽ പങ്കെടുക്കാം.

| വാഹന ഇനം | ആവശ്യമായ വാഹനങ്ങളുടെ എണ്ണം | |
|---|---|---|
| | PUF | Non PUF |
| 1 ടൺ | | |
| 1.5 ടൺ | | |
| 3.0 ടൺ | | |
| 5 ടൺ | | |

2.2. പഴയതും പുതിയതുമായ വാഹനങ്ങളെ സംബന്ധിച്ച പ്രത്യേക നിബന്ധനകൾ.

2.2.1. നിലവിൽ മിൽമയുടെ കീഴിൽ കരാറിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ(6 വർഷത്തിൽ കൂടുതൽ തുടർച്ചയായി ഒരേ യൂണിറ്റിൽ ഓടാത്തവ).

ഇത്തരം വാഹനങ്ങൾ 2010-മാണ്ടിന് മുമ്പ് നിർമ്മിച്ചതാണെങ്കിൽ മിൽമ ട്രാൻസ്പോർട്ടിംഗ് ജോലികൾക്കായി വാഹനത്തിന്റെ ഉപയോഗക്ഷമത/പ്രവർത്തന കാര്യക്ഷമത യുക്തമാണെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട പാൽ വിതരണ അഥവാ സംഭരണ വിഭാഗം അധികാരിയിൽ നിന്നും വാങ്ങി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2.2.2. നിലവിൽ മിൽമയുടെ കീഴിൽ കരാറിൽ ഓടാത്ത വാഹനങ്ങൾ

ഇത്തരം വാഹനങ്ങൾ 2010-ാം വർഷമോ അതിന് ശേഷമോ നിർമ്മിച്ചതായിരിക്കണം

2.2.3. പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനങ്ങൾ

ഇത്തരം വാഹനങ്ങൾ കരാർ ഉറപ്പിച്ച ശേഷം 15 ദിവസത്തിനുള്ളിൽ വാങ്ങി രജിസ്ട്രേഷൻ സഹിതം ഹാജരാക്കേണ്ടതുണ്ട്.

2.3. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഘടിപ്പിക്കേണ്ട പഫ്ബോഡിയുടെ വിവരങ്ങൾ.

പുതുതായി തുടങ്ങുന്ന വിതരണ റൂട്ടു വാഹനങ്ങളിൽ, കോൺട്രാക്റ്റർ സ്വന്തം ചിലവിൽ ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി ഘടിപ്പിക്കേണ്ടതാണ്. അത്തരം ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡിയുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതുള്ളതിനാൽ മിൽമ നിർദ്ദേശിക്കുന്ന സ്ഥാപനത്തിൽ നിന്നും തന്നെ പ്രസ്തുത ബോഡി വാങ്ങേണ്ടതാണ്. ആയതിന്റെ ഏകദേശ വിലയും സ്ഥാപനത്തിന്റെ പേരും താഴെ പറയുന്നു.

| | ഏകദേശ വില (₹) | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1.5 ടൺ | 175000 | 1. ഷാരോൺ ഇൻഡസ്ട്രീസ്, കോയമ്പത്തൂർ<br>2. സുരക്ഷ ട്രാൻസ്പോർട്ട് സിസ്റ്റം, കോയമ്പത്തൂർ<br>3. ഇൻഡികോൺ ലോജിസ്റ്റിക്സ്, കൊൽക്കത്ത<br>4. ട്രാൻസ്സേഫ് ,കോയമ്പത്തൂർ |
| 3 ടൺ | 225000 | 1. ഷാരോൺ ഇൻഡസ്ട്രീസ്, കോയമ്പത്തൂർ<br>2. സുരക്ഷ ട്രാൻസ്പോർട്ട് സിസ്റ്റം, കോയമ്പത്തൂർ<br>3. ഇൻഡികോൺ ലോജിസ്റ്റിക്സ്, കൊൽക്കത്ത<br>4. ട്രാൻസ്സേഫ് ,കോയമ്പത്തൂർ |

3. **റൂട്ടുകൾ**

പാൽ സംഭരണ റൂട്ടുകളുടെയും വിതരണ റൂട്ടുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ഈ ടെണ്ടർ ഫോറത്തിന്റെ അവസാനം കൊടുത്തിരിക്കുന്നു.

4. **റൂട്ടുകളെ സംബന്ധിച്ച വിശദീകരണം**

4.1. പാൽ സംഭരണ റൂട്ടുകൾ റണ്ണിംഗ് കിലോമീറ്റർ നിരക്ക് അടിസ്ഥാനത്തിൽ ഓടേണ്ടവയാണ്. ഇവയിൽ കൂളർ റൂട്ടുകൾ മാത്രം, ബന്ധപ്പെട്ട ബൾക്ക് മിൽക്ക് കൂളറുകളിലേക്ക് പാൽ എത്തിക്കാനായി ഗ്രാമതലത്തിൽ പ്രവർത്തിക്കേണ്ടവയാണ്.

4.2. പാൽ വിതരണ റൂട്ടുകൾ രണ്ടുതരമുണ്ട്. കിലോമീറ്റർ അടിസ്ഥാനത്തിൽ ഓടുന്നവയും ലിറ്റർ അടിസ്ഥാനത്തിൽ ഓടുന്നവയും. ഇവ ഏതൊക്കെയെന്ന് റൂട്ട് സംബന്ധിച്ച് അവസാനം കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

4.3. റൂട്ടുകളുടെ ദൂരം കാണിച്ചിരിക്കുന്നത് ഏകദേശ ദൂരമാണ്. 5 കിലോമീറ്റർ വരെ കൂട്ടുകയോ കുറയുകയോ ആവാം. യഥാർത്ഥ ദൂരം, കോൺട്രാക്റ്ററുടെയോ പ്രതിനിധിയുടെയോ സാന്നിധ്യത്തിൽ വാഹനം ഓടിച്ച് പരിശോധിച്ച് നിശ്ചയിക്കുന്നതിനനുസരിച്ചായിരിക്കും ബില്ല് പാസ്സാക്കുക.

4.4. വിതരണ വാഹനങ്ങളിൽ ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി ഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ, അത്തരം റൂട്ടുകളെ PUF റൂട്ടുകൾ എന്ന് കാണിച്ചിരിക്കുന്നു. 3 ടൺ പഫ് വാഹനങ്ങൾ TATA 407 മോഡൽ തന്നെയായിരിക്കണം. മിൽമയുടെ പഫ് കണ്ടെയ്നർ ആണ് ഘടിപ്പിക്കുന്നതെങ്കിൽ പാട്ടവാടകയായി (Lease Rent) ഒരു വാഹനത്തിന് ഒരു കരാർ കാലയളവിൽ 1 രൂപ പ്രകാരം കരാറുകാരൻ അടവാക്കേണ്ടതാണ്.

4.5. മിൽമയുടെ കണ്ടെയ്നറാണ് ഘടിപ്പിക്കുന്നതെങ്കിൽ, വർക്ക്ഷോപ്പിലേക്കുള്ള റണ്ണിംഗ് ചാർജ്ജും ഘടിപ്പിക്കലും റിപ്പയർ ചിലവുകളും കൂടാതെ കണ്ടെയ്നറിന്റെ മാത്രം (വാഹനത്തിന്റേതല്ല) ഇൻഷ്വറൻസ്, RTO ചിലവുകളും, കരാർ കഴിഞ്ഞ് പഫ് ബോഡി അഴിച്ചു മാറ്റുന്ന ചിലവുകളും മിൽമ വഹിക്കും. കോൺട്രാക്റ്ററുടെ കണ്ടെയ്നർ ആണ് ഘടിപ്പിക്കുന്നതെങ്കിൽ, സ്വന്തം ചിലവിൽ ആയത് ഘടിപ്പിക്കേണ്ടതാണ്. കോൺട്രാക്റ്ററുടെ ഉടമസ്ഥതയിലുള്ള കണ്ടെയ്നറിന്റെ ഇൻഷ്വൂറൻസ് ചിലവ് കോൺട്രാക്റ്റർ തന്നെ വഹിക്കേണ്ടതാണ്.

4.6. മിൽമയുടെ വക കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിൽ കോൺട്രാക്റ്ററുടെ ഭാഗത്തുനിന്നും വരുന്ന അശ്രദ്ധ കൊണ്ടുണ്ടാകുന്ന റിപ്പയർ ചിലവുകൾ ട്രാൻസ്പോർട്ട് കരാറുകാരനിൽ നിന്നും പിടിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മിൽമാ ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

4.7. മിൽമയുടെ വക PUF കണ്ടെയ്നർ ഘടിപ്പിച്ച വാഹനങ്ങൾക്ക് അപകടം സംഭവിച്ചാൽ കണ്ടെയ്നറിനു വരുന്ന റിപ്പയർ ചിലവ് സംബന്ധമായി മിൽമയ്ക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക കിഴിച്ച്, ബാക്കി നഷ്ടം ട്രാൻസ്പോർട്ട് കരാറുകാരനിൽ നിന്നും മിൽമ മാനേജ്മെന്റ് തീരുമാനുസരണം ഈടാക്കുന്നതാണ്.

4.8. ഡീസൽ വില കൂടുകയോ കുറയുകയോ ചെയ്യുന്നതിനനുസരിച്ച് അതാത് വാഹനത്തിനായി ചുവടെ നിശ്ചയിച്ച മൈലേജ് പ്രകാരം വാടക പുനർനിശ്ചയിക്കുന്നതാണ്. ഡീസൽ വർദ്ധനവ് അനുവദിക്കുവാൻ കുറഞ്ഞത് 50 പൈസയെങ്കിലും ഡീസൽ വിലയിൽ വർദ്ധനവ് ഉണ്ടായിരിക്കേണ്ടതാണ്. ഡീസൽ വർദ്ധനവ് 50 പൈസയിൽ കുറയുന്ന പക്ഷം,

അതിനുമുമ്പായി ഡീസൽ വില വർദ്ധിച്ചപ്പോൾ വാടക വർദ്ധന അനുവദിക്കാതെ ബാക്കി നിൽക്കുന്ന ഡീസൽ വർദ്ധനാ നിരക്ക് ഉൾപ്പെടെയുള്ള മൊത്തം വർദ്ധനവ് 50 പൈസയോ അതിൽ കൂടുതലോ ആകുന്ന മുറയ്ക്കു മാത്രമേ മേൽപ്പറഞ്ഞ വർദ്ധനവ് അനുവദിക്കുകയുള്ളൂ. മറ്റൊരു കാരണവശാലും നിരക്കുകളിൽ വർദ്ധന അനുവദിക്കുന്നതല്ല. ഈ വർദ്ധനവ് എല്ലാ മാസവും ഓരോ 15 ദിവസം കഴിയുമ്പോൾ മാത്രമേ അനുവദിക്കുകയുള്ളൂ.

| Non insulated Vehicles | Insulated Vehicles |
|---|---|
| 5 MT vehicles – 7 km/Ltr of Diesel | 5 MT vehicles – 6 km/Ltr of Diesel |
| 3 MT vehicles – 10 km/Ltr of Diesel | 3 MT vehicles – 9 km/Ltr of Diesel |
| 1.5 MT vehicle – 12 km/Ltr of Diesel | 1.5 MT vehicles – 11 km/Ltr of Diesel |
| 1 MT vehicle – 18 km/Ltr of Diesel | 3 MT Refrigerated vehicle –5 km/Ltr of Diesel |
| Office car/Jeep – 12 km/Ltr of Diesel | |

## 5. ടെണ്ടർ നിരക്കുകൾ സംബന്ധിയായ വിവരങ്ങൾ

5.1. കിലോമീറ്റർ അടിസ്ഥാനത്തിൽ ഓടുന്ന റൂട്ടുകൾക്ക് റണ്ണിംഗ് കിലോമീറ്റർ നിരക്കിനാണ് ടെണ്ടർ സമർപ്പിക്കേണ്ടത്.

5.2. കിലോമീറ്റർ നിരക്കു പ്രകാരം പാൽ വിതരണത്തിനായി ഓടുന്ന 3 ടൺ വാഹനങ്ങളിൽ ഓരോ ട്രിപ്പിനും 270 ട്രേ (2700 ലിറ്റർ)പാൽ വരെയും 5 ടൺ വാഹനങ്ങളിൽ 462 ട്രേ (4620 ലിറ്റർ) പാൽ വരെയും ട്രാൻസ്പോർട്ടു ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഒരു ട്രിപ്പിൽ ഇതിൽ അധികം ട്രാൻസ്പോർട്ടിംഗ് നടത്തിയാൽ 150 കിലോമീറ്റർ വരെ ദൈർഘ്യമുള്ള ട്രിപ്പുകൾക്ക് ലിറ്ററിന് 30 പൈസ നിരക്കിലും അതിലധികം ഓട്ടമുള്ളവയ്ക്ക് ലിറ്ററിന് 35 പൈസ നിരക്കിലും അധിക വാടക അനുവദിക്കുന്നതാണ്.

5.3. ലിറ്റർ അടിസ്ഥാനത്തിൽ ഓടുന്ന റൂട്ടുകൾക്ക് ട്രാൻസ്പോർട്ടു ചെയ്യുന്ന ഓരോ ലിറ്റർ പാൽ, തൈര്, സംഭാരം, മറ്റു പാലുൽപ്പന്നങ്ങൾ എന്നിവയുടെ അളവിനനുസരിച്ചായിരിക്കും ട്രാൻസ്പോർട്ട് നിരക്ക് അനുവദിക്കുക.

5.4. ലിറ്റർ നിരക്കിൽ ഓടുന്ന ഓരോ റൂട്ടിനും ബാധകമായ പ്രതിദിന 'മിനിമം ഗ്യാരണ്ടി അളവ്', റൂട്ടുകളെ സംബന്ധിച്ച പട്ടികയിൽ കാണിച്ചിരിക്കുന്നു. ഓരോ അർധമാസത്തിലും ട്രാൻസ്പോർട്ടു ചെയ്ത പ്രതിദിന ശരാശരി ലിറ്റർ ഈ മിനിമം ഗ്യാരണ്ടിയിലും കുറവാണെങ്കിൽ പോലും, മിനിമം ഗ്യാരണ്ടി അളവ് പ്രകാരമുള്ള വാടക ലിറ്റർ നിരക്കു പ്രകാരം അനുവദിക്കുന്നതാണ്. അതിൽ കൂടുതലുള്ള അളവിന് ലിറ്ററിന് 40 പൈസയോ അഥവാ ലിറ്റർ നിരക്കോ ഏതാണോ കുറവ്, അത് പ്രകാരം അധികം വാടക ലഭിക്കും.

5.5. മൊബൈൽ റൂട്ടുകളിൽ വിതരണത്തിനു കൊണ്ടുപോകുന്ന പാലിൽ 5 ശതമാനത്തിലധികം വിൽക്കാതെ 'റിട്ടേൺ' ആയി തിരികെ വന്നാൽ ലിറ്ററിന് 90 പൈസ പ്രകാരം പാക്കിംഗ് ചാർജ്ജ് ഈടാക്കുന്നതാണ്.

5.6. കരാറുകാരന് ESI രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. കരാറുകാരൻ തൻെറ ജീവനക്കാരുടെ ESI വിഹിതം അടച്ചതിന്റെ തെളിവുകൾ ഹാജരാക്കിയാൽ മാത്രമേ ട്രാൻപോർട്ടേഷൻ ബിൽ പാസ്സാക്കുകയുള്ളൂ.

5.7. ESI രജിസ്ട്രേഷന് ESI കോർപ്പറേഷൻ നിർദേശിച്ച എണ്ണം ജീവനക്കാർ കരാറുകാരന്റെ കീഴിൽ ഇല്ല എങ്കിൽ അതനുസരിച്ച് കരാറുകാരൻ മുദ്രപത്രത്തിൽ ഒരു സത്യവാങ്മൂലം എഴുതി നൽകേണ്ടതാണ്. കൂടാതെ ഏതെങ്കിലും നാഷണലൈസ്ട് ഇൻഷുറൻസ് കമ്പനിയിൽ നിന്നുള്ള വർക്ക്മെൻ കോമ്പൻസേറ്ററി പോളിസി ഹാജരാക്കേണ്ടതാണ്.

5.8. കരാറുകാരന്റെ ബില്ലിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതാണ്. കരാറുകാർ ഇൻകം ടാക്സ് സംബന്ധിയായുള്ള PAN Card ആദ്യ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ഹാജരാക്കുവാൻ ബാധ്യസ്ഥനാണ്. കരാറുകാരൻ തൻെറ കൈവശം 10 എണ്ണത്തിൽ കുറവ് വാഹനങ്ങളാണ് ഉള്ളതെങ്കിൽ ആയത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം എഴുതി നൽകേതാണ്.

5.9. കരാറുകാരന്റെ ബില്ലിൽ നിന്നും എല്ലാ മാസവും താഴെ പറയുന്ന തുക "Marine Annual Turnover Policy" യ്ക്കു വേണ്ടി ഈടാക്കുന്നതാണ്.

| Vehicle Capacity (MT) | 1 | 1.5 | 2 | 3 | 4 | 5 | 9 | 10 | 12 | 15 | 20 |
|---|---|---|---|---|---|---|---|---|---|---|---|
| Premium per Month | 65 | 97 | 130 | 194 | 259 | 324 | 583 | 648 | 778 | 972 | 1296 |

5.10. കരാറുകാരൻ തന്റെ വാഹനത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യസുരക്ഷ നിയമ പ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ആയതിന്റെ കോപ്പി ഡെയറി മാനേജർക്ക് സമർപ്പിക്കേണ്ടതുമാണ്.

## 6. <u>ടെണ്ടർ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

6.1. നിലവിലുള്ള വാഹനമുപയോഗിച്ച് കരാർ നടത്തുവാൻ ആഗ്രഹിക്കുന്നവർ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ അവരുടെ വാഹന നമ്പർ ടെണ്ടറിൽ കാണിച്ചിരിക്കണം. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബുക്കിൽ (RC Book) ഉടമസ്ഥത തെളിയിക്കുന്ന ഭാഗം, വാഹനത്തിന്റെ നിർമ്മാണ വർഷം എന്നിവ കാണിക്കുന്ന ഫോട്ടോസ്റ്റാറ്റ് രേഖകൾ ടെണ്ടറിനൊപ്പം സമർപ്പിക്കണം.

6.2. രജിസ്ട്രേഷൻ രേഖകളിൽ വാഹനത്തിന്റെ ഉടമസ്ഥത, ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരിൽ അല്ലെങ്കിൽ, യഥാർത്ഥ ഉടമ ടെണ്ടർ സമർപ്പിക്കുന്നയാൾക്ക് വാഹനം മിൽമയുടെ കരാർ നടത്തിപ്പിനു വിട്ടുകൊടുക്കാൻ അഥവാ കരാർ എടുക്കുന്ന ആളിന് വിൽപ്പന നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് 200 രൂപയുടെ മുദ്രപ്പത്രത്തിൽ എഴുതിയ കരാർ ടെണ്ടറിനൊപ്പം സമർപ്പിച്ചിരിക്കണം.

6.3. പഫ് കണ്ടെയ്നർ ഘടിപ്പിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ, നിശ്ചയമായും രജിസ്ട്രേഷൻ ബുക്കിൽ പേരു കാണിച്ച പ്രകാരമുള്ള ഉടമസ്ഥനും കരാർ ഏറ്റെടുക്കുന്ന ആളും ഒരാൾ തന്നെ ആയിരിക്കണം. മറ്റൊരാളുടെ പേരിലുള്ള വാഹനം ഉപയോഗിച്ചുകൊണ്ട് ഇത്തരം റൂട്ടുകൾ ഓടുവാൻ അനുവദിക്കുന്നതല്ല.

6.4. ഒരേ വാഹനം കാണിച്ചുകൊണ്ട് ഒന്നിലധികം റൂട്ടുകളിൽ ടെണ്ടർ സമർപ്പിക്കാം. ഓരോന്നിനും പ്രത്യേകം EMD വെയ്ക്കണം. എന്നാൽ പല റൂട്ടുകളിൽ ഒരേ വാഹനം കരാറിന് പരിഗണിക്കപ്പെടാൻ യോഗ്യമാവുക.യാണെങ്കിൽ ഏതു റൂട്ടിൽ കരാർ നൽകണമെന്ന് മിൽമ നിശ്ചയിക്കുന്നതാണ്.

6.5. പുതിയതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർക്കും ടെണ്ടറിൽ പങ്കെടുക്കാം. അത്തരം മത്സരാർത്ഥികൾ പുതിയ വാഹനം സംബന്ധിയായ വിവരങ്ങൾ ടെണ്ടറിൽ കാണിച്ചിരിക്കണം. (ഇത് പൂരിപ്പിക്കുവാനുള്ള ഭാഗം നിരക്ക് എഴുതുന്ന പേജിൽ തന്നെ ഉണ്ട്.) പുതുതുതായി വാങ്ങുന്ന വാഹനത്തിനായുള്ള പെർഫോർമ ഇൻവോയ്സ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6.6. നിലവിൽ രജിസ്ട്രേഷനുള്ള വാഹനത്തിന്റെ നമ്പരോ, ടെണ്ടർ ലഭിച്ചു കഴിഞ്ഞാൽ വാഹന കമ്പനികളിൽ നിന്നും പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ വിവരമോ ടെണ്ടറിൽ കാണിച്ചു കഴിഞ്ഞാൽ പിന്നെ കരാർ നടത്തിപ്പിന് പ്രസ്തുത വാഹനം തന്നെ

ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഓരേ റുട്ടിൽ ഒരേ വാഹനം കാണിച്ച് ഒന്നിലധികം ടെണ്ടർ സമർപ്പിച്ചാൽ അത്തരം ഒരു ടെണ്ടറും പരിഗണിക്കപ്പെടുന്നതല്ല.

6.7. ഒരേ റൂട്ടിൽ ഒരാൾ തന്നെ വ്യത്യസ്ഥ വാഹനങ്ങൾ കാണിച്ച് ടെണ്ടർ സമർപ്പിക്കുകയും അവയിലൊന്ന് ഏറ്റവും കുറഞ്ഞ നിരക്കായി വിജയിക്കുകയും ചെയ്താൽ ആ നിരക്കിൽ തന്നെ ടിയാൻ വാഹനം ഓടിക്കേണ്ടതാണ്. കുറഞ്ഞ നിരക്കിലോടുന്ന വാഹനം പിൻവലിച്ചാൽ പിന്നെ പ്രസ്തുത റൂട്ടിൽ ടിയാന്റെ മറ്റൊരു ടെണ്ടറും പരിഗണിക്കുന്നതല്ല.

6.8. ടെണ്ടറിൽ വിജയിക്കുന്നവർ, കരാറുറപ്പിക്കുന്ന റൂട്ടിൽ വാഹനമോടിക്കുവാൻ ബാധ്യസ്ഥമാണ്. കരാർ നൽകിക്കൊണ്ടുള്ള ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ നിശ്ചിത സമയത്തിനകം പാലിക്കാത്തവരുടെ നിരതദ്രവ്യം (EMD- Earnest Money Deposit) തിരികെ ലഭിക്കുന്നതല്ല.

6.9. കരാർ ലഭിക്കാത്തവർക്ക് EMD ഒരു മാസത്തിനകം ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രം മാറാവുന്ന വിധത്തിലുള്ള ചെക്കായി മടക്കി ലഭിക്കുന്നതാണ്.

6.10. മിൽമ ജീവനക്കാർക്കോ മിൽമയിൽ അഫ്ലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്കോ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

## 7. <u>കരാർ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.</u>

7.1. അവധി ദിവസങ്ങൾ, ഹർത്താൽ, ബാങ്ക് പണിമുടക്കു ദിവസങ്ങൾ എന്നിങ്ങനെയുള്ള ദിവസങ്ങൾ ഉൾപ്പെടെ വർഷത്തിൽ എല്ലാ ദിവസവും വാഹനങ്ങൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥമാണ്

7.2. ബ്രേക്ക് ഡൗൺ, റിപ്പയർ, അപകടം, അഥവാ മറ്റു കാരണങ്ങൾ ഇവയാൽ ട്രിപ്പ് നടത്തിപ്പിനായി പതിവു വാഹനം ലഭ്യമല്ലാതെ വന്നാലോ, ഓട്ടം ട്രിപ്പിനിടയിൽ നിർത്തേണ്ടി വന്നാലോ ബദൽ സംവിധാനം ഏർപ്പാടാക്കി പാൽ സംഭരണവും വിതരണവും ബന്ധപ്പെട്ട മറ്റു കാര്യങ്ങളും മുടക്കമോ താമസമോ കൂടാതെ നടത്തുവാൻ കരാറെടുക്കുന്നവർ ബാധ്യസ്ഥമായിരിക്കും.

7.3. മേൽക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്നതു മൂലമുള്ള നഷ്ടം കരാറുകാരനിൽ നിന്നും യുക്തമായ രീതിയിൽ ഈടാക്കുന്നതായിരിക്കും. വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകത മൂലം മിൽമയുടെ സ്ഥാവരജംഗമ വസ്തുക്കൾക്കു വരുന്ന നഷ്ടവും ഇപ്രകാരം ഈടാക്കുന്നതാണ്.

7.4. സംഭരണ റൂട്ടുകളിൽ ഓടുന്ന വാഹനങ്ങൾ പാൽ ക്യാനുകളിൽ വെയിൽ തട്ടാത്ത വിധത്തിലുള്ള മേൽമൂടി ഘടിപ്പിക്കേണ്ടതാണ്.

7.5. പാൽ സംഭരണ-വിതരണ സംബന്ധിയായി കരാറുകാരനെ ഏൽപ്പിക്കുന്ന എല്ലാ വസ്തുക്കളും കൃത്യമായ കണക്കു പ്രകാരം ഉദ്ദേശിക്കപ്പെട്ട രീതിയിൽ ക്രയവിക്രയം ചെയ്യേണ്ടതാണ്. തിരിച്ചേൽപ്പിക്കുവാൻ ബാധ്യസ്ഥമായവ കരാറുകാരനിൽ നിന്നും ലഭിക്കാതെ പോയാൽ അവയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

7.6. മോഷണം, തൃപ്തികരമല്ലാത്ത പെരുമാറ്റം, തൃപ്തികരമായ സേവനം നൽകാതിരിക്കൽ, സുരക്ഷിതത്വ കാരണങ്ങൾ മുതലായവ കാരണം കരാറുകാരന്റെ എതെങ്കിലും ജീവനക്കാരനെ ജോലിയിൽ നിന്നും മാറ്റി നിർത്തണമെന്നു മിൽമ ആവശ്യപ്പെൽ അപ്രകാരം ചെയ്യുവാൻ കരാറുകാൻ ബാധ്യസ്ഥനായിരിക്കും.

7.7. സംഘങ്ങളിൽ നിന്നും പാൽ സ്വീകരിക്കുന്ന സമയത്ത് ക്യാനുകൾ വാഹനത്തിലേക്ക് കയറ്റാൻ സംഘം പ്രതിനിധിയോടൊപ്പം വാഹനത്തിലെ അറ്റന്ററും ഒപ്പം സഹായിക്കേണ്ടതാണ്.

7.8. മൊബൈൽ റൂട്ടുകളിൽ വിതരണത്തിനാവശ്യമായ പാലിന്റെയും ഉൽപ്പന്നങ്ങളുടെയും പണം കരാറുകാരൻ മുൻകൂർ അടവാക്കി അവ ഏറ്റുവാങ്ങിക്കൊണ്ടുപോയി നിശ്ചയിക്കപ്പെട്ട റൂട്ടിൽ സ്വന്തമായി വിതരണം ചെയ്യേണ്ടതാണ്.

7.9. വിതരണ വാഹനത്തിൽ കയറ്റുന്നതിനായി മിൽമയുടെ ജീവനക്കാർ ഡെസ്പാച്ച് ഡോക്കിൽ അട്ടി വെയ്ക്കുന്ന പാലും പാലുൽപ്പന്നങ്ങളും ഡെസ്പാച്ച് ഷീറ്റിൽ പറയുന്നതു പ്രകാരം പാൽ വിതരണ വാഹനത്തിൽ കയറ്റേണ്ടത് ബന്ധപ്പെട്ട വാഹന ജോലിക്കാരായിരിക്കും.

7.10. സംഘങ്ങളിൽ നിന്നും പാലുമായെത്തുന്ന ക്യാനുകൾ വാഹനത്തിൽ നിന്നും ഇറക്കി കൺവെയർ ഉണ്ടെങ്കിൽ അതിലോ, അല്ലാത്തപക്ഷം റിസപ്ഷൻ ഡോക്കിലോ വെച്ചു നൽകാൻ വാഹനജീവനക്കാർ ബാധ്യസ്ഥമായിരിക്കും.

7.11. കാലി ക്യാനുകൾ വാഷിംഗ് മെഷീൻ അഥവാ ഡോക്കിൽ നിന്നും ശേഖരിച്ച് തിരികെ കൊണ്ടുപോകേണ്ടതും കരാറുകാരന്റെ ജീവനക്കാരുടെ ചുമതലയാണ്. റിട്ടേൺ കൊണ്ടു പോകേണ്ട ക്യാനുകൾ മിൽമയിൽ നിന്നും നിശ്ചയിച്ച് നൽകുന്ന പ്രകാരം അതത് വാഹനത്തിൽ തിരികെ കൊണ്ടു പോകണം. (ഇത്തരം ക്യാനുകൾ ഡെയറിയിൽ തന്നെ

സൂക്ഷിക്കുവാൻ മിൽമ കോമ്പൗണ്ടിൽ തന്നെ സൗകര്യം ആക്കിയിട്ടുണ്ടെങ്കിൽ മാത്രം, അവിടെ സൂക്ഷിക്കാവുന്നതാണ്.)

7.12. പാൽ വിതരണം കഴിഞ്ഞ് തിരികെയെത്തുന്ന ട്രേകൾ, ക്യാനുകൾ ക്രേറ്റുകൾ, വിതരണ സംബന്ധിയായ മറ്റു കണ്ടെയ്നറുകളും സാമഗ്രികളും എന്നിവ 'റിട്ടേൺ' നൽകി അപ്പപ്പോൾ കണക്ക് ബോധിപ്പിക്കേണ്ടത് കരാറുകാരന്റെ ജീവനക്കാരുടെ ചുമതലയായിരിക്കും.

7.13. പാൽ വിതരണ റൂട്ടുകളിൽ ഡീലർമാരിൽ നിന്നും പണവും ഓഡറുകളും പാൽ വിതരണം നടക്കുമ്പോൾ തന്നെ സ്വീകരിച്ചു വരേണ്ടത് കരാറുകാരന്റെ ചുമതലയായിരിക്കും. ഇതിനായി ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്നും നൽകുന്ന ബില്ലിംഗ് മെഷീൻ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ബില്ലിംഗ് മെഷീൻ സ്വീകരിച്ച പണവും ഓഡറുകളും ബില്ലിംഗ് മെഷീൻ സഹിതം ട്രിപ്പ് അവസാനിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട യൂണിറ്റുകളിലെ ക്യാഷ് കൗണ്ടറിൽ ഏൽപ്പിച്ച് രസീതു വാങ്ങേണ്ടതാണ്. കരാറുകാരൻ ബില്ലിംഗ് മെഷീനിൽ സ്വന്തം പേരിൽ എടുത്ത "SIM Card" ഉപയോഗിക്കേണ്ടതാണ്. ഇതിനു വരുന്ന പ്രതിമാസ ചെലവ് 150 രൂപ വരെ യൂണിയൻ വഹിക്കുന്നതാണ്.

7.14. കരാറുകാരൻ തന്റെ വാഹനത്തിൽ GPS സംവിധാനം ഘടിപ്പിക്കുവാൻ അനുവദിക്കേണ്ടതാണ്.

7.15. പതിവായ രീതിയിൽ കൃത്യസമയത്ത് പാൽ വിതരണമോ സംഭരണമോ നടത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച വന്നാൽ ബദൽ സംവിധാനങ്ങൾ മിൽമ ഏർപ്പെടുത്തുകയാണെങ്കിൽ അതിന്റെ മുഴുവൻ അധികച്ചിലവും കരാറുകാരൻ വഹിക്കേണ്ടി വരുന്നതാണ്.

7.16. നിശ്ചയിക്കപ്പെട്ട റൂട്ടിൽ ഒരു ട്രിപ്പിൽ കൂടുതൽ വാഹനം ഓടേണ്ട സാഹചര്യമുണ്ടെങ്കിൽ, നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെ കൂടുതൽ ട്രിപ്പുകൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥമായിരിക്കും.

7.17. ആവശ്യമെങ്കിൽ നിബന്ധകളിൽ മാറ്റമില്ലാതെ രണ്ട് മാസത്തേക്ക് കൂടി കരാർ നീട്ടുന്നതിന് മിൽമയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## 8. <u>എഗ്രിമെന്റ്</u>

കരാർ ലഭിക്കുന്നവർ നിശ്ചിത തിയതിക്കകം മിൽമയിൽ സെക്യൂരിറ്റി അടവാക്കി സ്വന്തം ചിലവിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

## 9. EMD & Security

ടെണ്ടർ സമർപ്പിക്കുന്നവർ പൂരിപ്പിച്ച ടെണ്ടർ ഫോറത്തിനൊപ്പം താഴെപ്പറയുന്ന പ്രകാരം നിരതദ്രവ്യവും (EMD- Earnest Money Deposit), കരാർ ഉറപ്പിച്ച് ഉത്തരവ് ലഭിക്കുന്നവർ താഴെപ്പറയുന്ന പ്രകാരം സെക്യൂരിറ്റി തുകയും(DD/Cash/Fixed Deposit) സമർപ്പിക്കണം.

| വാഹന ഇനം | സെക്യൂരിറ്റി തുക | | |
|---|---|---|---|
| | **EMD രൂപ** | **ക്യാഷ് കളക്ഷൻ ചുമതല ഇല്ലാത്ത പാൽ സംഭരണ/ വിതരണ റൂട്ടകൾ** | **ക്യാഷ് കളക്ഷൻ ചുമതലയുള്ള പാൽ വിതരണ റൂട്ടുകൾ** |
| 5.0 MT | Rs.5000/- | Rs.30,000/- | Rs.80, 000/- |
| 3.0 MT | Rs.3000/- | Rs.25,000/- | Rs.75,000/- |
| 1.5 MT | Rs.1500/- | Rs.7,500/- | Rs.30,000/- |
| 1.0 MT | Rs.1000/- | Rs.5,000/- | Rs.15,000/- |
| Refrigerated Truck- 3 MT | Rs.3000/- | N.A | Rs.3,00,000/- |
| Refrigerated Truck- 4 MT/5 MT | Rs.5000/- | N.A | Rs.4,00,000/- |
| Office Car/Jeep | Rs.1500/ | Rs.7, 500/- | N.A |

ഡെയറി മാനേജർ, **(ഡെയറിയുടെ പേര്)**

മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി

**<u>ടെണ്ടർ സമർപ്പിക്കാനുള്ള ഫോറം(മറ്റു പേജുകളും ഓരോ പേജിലും ഒപ്പിട്ട് ഒപ്പം സമർപ്പിക്കണം)</u>**

1. ടെണ്ടർ സമർപ്പിക്കുന്ന റൂട്ടിന്റെ പേര്: ------------------------------------------------------

2. ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ പേരും മേൽവിലാസവും : ------------------------------

   ---------------------------------------------------------------------------------------------------

3. ഫോൺ: Land line (with STD Code)------------------------ Mob---------------------

4. കരാർ നടത്തിപ്പിന് ഉദ്ദേശിക്കുന്നത് ഇപ്പോൾ രജിസ്ട്രേഷനുള്ള വാഹനമാണെങ്കിൽ അതിന്റെ

   നമ്പർ---------------------------- നിർമ്മാണ വർഷം--------------------------

5. മേൽപ്പറഞ്ഞ വാഹനം സ്വന്തം പേരിലുള്ളതല്ലെങ്കിൽ യഥാർത്ഥ ഉടമയുടെ പേരും വിലാസവും:

   ---------------------------------------------------------------------------------------------------

   ---------------------------------------------------------------------------------------------------

6. കരാർ നടത്തുന്നതിന് ഉദ്ദേശിക്കുന്നത് ഇപ്പോൾ രജിസ്ട്രേഷനില്ലാത്ത പുതിയ വാഹനം വാങ്ങിയിട്ടാണെങ്കിൽ വിവിധ റൂട്ടുകളിലായി ആകെ എത്ര പുതിയ വാഹനങ്ങൾ വാങ്ങാനുദ്ദേശിക്കുന്നു എന്ന്:

   ----------------------------------------------------------------

7. അതിൽ എത്രാമത്തെ വാഹനമാണ് മേൽപ്പറയുന്ന റൂട്ടിലേക്ക് ഓടിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന്:

   -----------------------------------------------------------------

**8. ടെണ്ടർ സമർപ്പിക്കുന്ന റൂട്ടിന് ഉദ്ദേശിക്കുന്ന നിരക്ക്**

| | |
|---|---|
| **നിരക്ക് അക്കത്തിൽ** | ---------- രൂപ ---------- പൈസ ലിറ്ററിന്/റണ്ണിംഗ് കിലോമീറ്ററിന് |
| **നിരക്ക് അക്ഷരത്തിൽ** | -------------------------രൂപ------------------------------പൈസ<br><br>ലിറ്ററിന്/റണ്ണിംഗ് കിലോമീറ്ററിന് |

**9. ടെണ്ടർ സമർപ്പിക്കുന്നയാളിന്റെ തീയതിവെച്ചുള്ള ഒപ്പ്:**

**10. ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.**

10.1. **നിരതദ്രവ്യം (EMD) അടച്ചതിന്റെ രസീത് അഥവാ Managing Director, MRCMPU Ltd എന്ന പേരിലുള്ള കോഴിക്കോട് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്**

10.2. **വാഹനത്തിന്റെ നിർമ്മാണ വർഷം വ്യക്തമാക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി.**

10.3. വാഹനം 2010-മാണ്ടിന് മുമ്പ് നിർമ്മിച്ചതാണെങ്കിൽ പ്രവർത്തന ക്ഷമത സംബന്ധിച്ച് ബന്ധപ്പെട്ട മിൽമ ഉദ്യോഗസ്ഥന്റെ വിലയിരുത്തൽ സാക്ഷ്യപത്രം.

10.4. വാഹനം ടെണ്ടർ സമർപ്പിക്കുന്ന ആളുടെ പേരിലുള്ളതാണെങ്കിൽ അത് വ്യക്തമാക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി.

10.5. വാഹനം മറ്റൊരാളുടെ പേരിലുള്ളതാണെങ്കിൽ ടെണ്ടർ സമർപ്പിക്കുന്ന ആൾക്ക് ട്രാൻസ്പോർട്ടു കരാർ ആവശ്യത്തിന് അത് ഉപയോഗിക്കുവാൻ/വിൽക്കുവാൻ അനുവദിച്ചുകൊണ്ടുള്ള 200 രൂപ മുദ്രപ്പത്രത്തിലുള്ള രേഖ.

10.6. പുതുതുതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർ പുതിയ വാഹനത്തിന്റെ പെർഫോർമ ഇൻവോയ്സ്.

| Distribution route operated from (Name of the Dairy) | | | | | | |
|---|---|---|---|---|---|---|
| Sl No. | Route Name | Type of vehicle (Tonnage) | PUF or Non PUF | Litre/KM based | Assured Qty/KM (Fortnight) | Period |
| 1 | | | | | | 01.07.2018 to 30.06.2020 |